# വേൾഡ് ഓഫ് ഹോസ്പിറ്റാലിറ്റി എക്സ്പോ (WOHXpo) 2025 റിപ്പോർട്ട്





ഫുഡ് & ബിവറെജസ് സർവീസ്, ഹോട്ടൽ, ഫുഡ് റെസ്റ്റോറന്റ് കേറ്ററിംഗ് ഇൻഡസ്ട്രി തുടങ്ങി വിവിധ ഭക്ഷ്യ സംസ്കരണ മേഖലകളെ അണിനിരത്തി മുംബൈയിലെ ഇൻക്രെഡിബിൾ ഫെയേഴ്സ് & മീഡിയ പ്രൈവറ്റ് ലിമിറ്റഡ് സംഘടിപ്പിച്ച വേൾഡ് ഓഫ് ഹോസ്പിറ്റാലിറ്റി എക്സ്പോ (WOHXpo 2025, യിൽ ശക്തമായ സാന്നിധ്യമായി കേരള ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ. 2025 ജൂൺ 12 മുതൽ 14 വരെ ബെംഗളൂരുവിലെ പാലസ് ഗ്രൗണ്ടിലെ ത്രിപുര വാസിനിയിൽ സംഘടിപ്പിച്ച എക്സ്പോ കേരളത്തിലെ സ്റ്റാളുകൾ സന്ദർശക പ്രശംസ ഏറ്റുവാങ്ങി.

ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, ഹോട്ടലുടമകൾ, റെസ്റ്റോറൻ്റുകൾ, കാറ്ററർമാർ, ബേക്കർമാർ, കഫേകൾ, ഭക്ഷ്യ സേവന കമ്പനികൾ എന്നിവർക്ക് ഇന്ത്യയിലുട നീളമുള്ള ബയേഴ്സുമായി കൂടിക്കാഴ്ച നടത്താനും ബിസിനസ്സ് ഇടപാടുകൾ നടത്താനും മികച്ച അവസ രമായിട്ടായിരുന്നു വേൾഡ് ഓഫ് ഹോസ്പിറ്റാലിറ്റി എക്സ്പോ (WOHXpo) 2025 സംഘടിപ്പിച്ചത്.

ഹോസ്പിറ്റാലിറ്റി, കാറ്ററിംഗ് മേഖലയിലെ ഉടമകളുടെയും ഓപ്പറേറ്റർമാരുടെയും ലക്ഷ്യബോധമുള്ള പ്രേക്ഷകർക്ക് MSME -കളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവസരം വേൾഡ് ഓഫ് ഹോസ്പിറ്റാലിറ്റി എക്സ്പോ (WOHXpo) 2025-ൽ ലഭിച്ചു. കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കെബിപ്പാണ് കേരളത്തിലെ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കായി എക്സ്പോയിൽ പങ്കെടുക്കുന്നതിന് അവസരമൊരുക്കിയത്.

കേരളത്തിൽ നിന്നുള്ള 19 ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ എക്സ്പോയിൽ പങ്കെടുത്തു. ലക്ഷ്വറി, ബോട്ടിക്, ഇൻഡിപെൻഡന്റ് ഹോട്ടലുകൾ, റെസ്റ്റോറൻ്റുകൾ, കാറ്ററർമാർ, കോർപ്പ റേറ്റ് കാൻ്റീനുകൾ, ഇറക്കുമതിക്കാർ, വിതരണക്കാർ, മൊത്തക്കച്ചവടക്കാർ, ഡീലർമാർ, ഏജന്റുമാർ,

കൺസൾട്ടൻ്റുകൾ, മോഡേൺ ട്രേഡ് കമ്പനികൾ എന്നിവരുൾപ്പെടെ സന്ദർശകരായെത്തിയ എക്സ്പോയിൽ കേരളത്തിലെ MSME - കളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കാൻ സാധിച്ചതിലൂടെ ബിസിനസ്സ് വിപുലീകരണത്തിനും വിപണിയിലെ ചലനങ്ങൾ മനസ്സിലാക്കുന്നതിനും സാധിച്ചു.